പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2334 14.06.2019 ലെ മറുപടിക്ക്

**കയർ വ്യവസായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി<br>ശ്രീ.ബി.സത്യൻ<br>ശ്രീ. എം. മുകേഷ്<br>ശ്രീ.വി. അബ്ദുറഹിമാൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ മേഖലയിൽ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥനത്ത് കയർ മേഖലയിലെ വിവിധ പ്രവർത്തനങ്ങളും പദ്ധതികളും ഏകോപിപ്പിക്കുന്നതിന് താഴെപ്പറയുന്ന സംവിധാനങ്ങൾ നിലവിലുണ്ട്.<br><u>കയർ വികസന ഡയറക്ടറേറ്റ്</u> - കയർ മേഖലയുടെ സമഗ്ര പുരോഗതിക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് ഡയറക്ടറേറ്റിനു കീഴിലുള്ള 10 പ്രോജക്റ്റ് ഓഫീസുകളും അവക്ക് കീഴിലുള്ള സർക്കിൾ കയർ ഇൻസ്പെക്ടർ ഓഫീസുകൾ വഴിയും നടപ്പാക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഫലപ്രദമായി നടപ്പാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിക്കുന്നു.<br><u>കയർഫെഡ്</u> - പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപ്പക്സ് സംഘമാണ് കയർഫെഡ്. സംഘങ്ങൾക്കാവശ്യമായ ചകിരി എത്തിച്ചുകൊടുക്കുന്നതും അവ ഉൽപാദിപ്പിക്കുന്ന കയർ സംഭരിച്ച് വിപണി കണ്ടെത്തുന്ന പ്രവർത്തനവും നിർവ്വഹിക്കുന്നു.<br><u>കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ</u> - കയർ ഉൽപന്നങ്ങളുടെ സംഭരണവും വിപണനവും പി.പി.എസ്.എസ് പദ്ധതി പ്രകാരം നടപ്പിലാക്കുന്നു. ഉൽപന്നങ്ങളുടെ വിദേശ വ്യാപാരവും ഏറ്റെടുക്കുന്നു.<br><u>കേരളാ സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി</u> - കയർ മേഖലക്ക് ആവശ്യമായ വിവിധ തരം മെഷിനറികൾ നിർമ്മിക്കുന്നു.<br><u>കേരളാ കയർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്</u> - കയർ തൊഴിലാളി കൾക്കായുള്ള |

| | |
|---|---|
| | എല്ലാ വിധ ക്ഷേമ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കുന്നു.<br>ഫോമാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ് - കയറിന്റെയും മറ്റ് പ്രകൃതിദത്ത നാരുകളുടെയും ഉൽപന്നങ്ങൾ നിർമ്മിക്കുന്ന കയർ പൊതുമേഖലാ സ്ഥാപനമാണിത്.<br>എൻ.സി.ആർ.എം.ഐ- കയർ മേഖലക്കാവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നു. |
| ബി) കയർ വ്യവസായത്തിന്റെ വികസനത്തിനും പ്രോത്സാഹനത്തിനുമായി എന്തെല്ലാം ധനസഹായമാണ് കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) കയർ വ്യവസായത്തിന്റെ വികസനത്തിനും പ്രോൽസാഹനത്തിനുമായി മാർക്കറ്റിംഗ് ഡവലപ്മെൻറ് അസിസ്റ്റൻസ് എന്ന 1:1 ഷെയറിംഗ് രീതിയിലുള്ള ധനസഹായമാണ് നിലവിലുള്ളത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 2017-18 സാമ്പത്തിക വർഷം വരെ മാത്രമേ ലഭിച്ചിട്ടുള്ളൂ. 12.80 കോടി രൂപ ഈ ഇനത്തിൽ കേന്ദ്ര സർക്കാർ കുടിശ്ശികയുണ്ട്. |
| സി) കയർമേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | സി) കയർ മേഖലയുമായി ബന്ധപ്പെട്ട് സർക്കാർ മേഖലയിൽ കയർ വികസന ഡയറക്ടറേറ്റ് , കയർഫെഡ്, കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി, കേരളാ കയർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്, ഫോമാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്, എൻ.സി.ആർ.എം.ഐ എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.<br>കയർ മേഖലയിൽ കയർ രണ്ടാംപുന:സംഘടന നടപ്പിലാക്കുകയാണ്. യന്ത്രവൽക്കരണത്തിലൂടെ ഈ മേഖലയെ പൂർണ്ണമായും ആധുനീകവൽക്കരിക്കുകയാണ്. ഇതിനാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിനായി കയർ മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്.<br>കയർഫെഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായും അടിസ്ഥാന സൗകര്യവികസനത്തിനും വിവിധ പദ്ധതികൾക്കായി ആവശ്യമായ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിലൂടെ കയർ സംഭരണത്തിലും വിപണനത്തിലും വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2018-19 ൽ 8203 ലക്ഷം രൂപ വിലമതിക്കുന്ന 157298.33 ക്വിൻറൽ കയർ സംഭരിക്കുകയും 8361 ലക്ഷം രൂപ വിലമതിക്കുന്ന 155882.53 ക്വിൻറൽ കയർ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. പ്രളയ ബാധിത വർഷത്തിലും മുൻ |

| | |
|---|---|
| | വർഷത്തെക്കാൾ സംഭരണത്തിൽ 24% വർധനവ് കൈവരിക്കാനായിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ചകിരി സംഭരിച്ച് നൽകുന്ന പദ്ധതി കയർഫെഡ് പുനരാരംഭിച്ചിട്ടുണ്ട്. ഇത് എടുത്തു പറയത്തക്ക ഒരു നേട്ടമാണ്.<br>കയർ കോർപ്പറേഷന്റെ ഉൽപ്പന്ന സംഭരണ പ്രവർത്തനമായ പി.പി.എസ്. എസ് പദ്ധതി ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി ആവശ്യമായ തുക അനുവദിച്ച നൽകിയിട്ടുണ്ട്.ഉൽപ്പന്ന സംഭരണത്തിൽ 2018-19 വർഷത്തിൽ 15300 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.മുൻ വർഷത്തേക്കാൾ 53 % വർദ്ധനവുണ്ട്.<br>എൻ.സി.ആർ.എം.ഐ-ക്ക് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.<br>കയർ തൊഴിലാളി ക്ഷേമനിധി ബോർഡു വഴി വിരമിച്ച കയർ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതുൾപ്പെടെയുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻഓഫീസർ